ഇടശ്ശേരിയുടെ
ഗദ്യപ്രപഞ്ചം
പ്രൊഫ. കെ. ഗോപാല
കൃഷ്ണൻ

# ഇടശ്ശേരിയുടെ ഗദ്യപ്രപഞ്ചം

പ്രൊഫ. കെ. ഗോപാലകൃഷ്ണൻ

വ്യക്തവും സംശുദ്ധവും ധീരവുമായ ഒരു മഹോന്നതവ്യക്തിത്വത്തിന്റെ തമാലനിബിഡമായ സാനുപ്രദേശങ്ങളിൽ വെയിൽ പരത്തിയും നിലാവൊളിചിന്തിയും നിൽക്കുന്ന ഇരുപത്താറു തേജോഗോളങ്ങളാണ് ഇടശ്ശേരിയുടെ ഗദ്യവിഹായസ്സിൽ നമ്മുടെ കാഴ്ചപ്പുറത്തുള്ളത്. എണ്ണത്തിൽ നന്നേകുറവ്. വലിപ്പത്തിന്റെ കാര്യത്തിലുമില്ല ഇവയ്ക്ക് ഏറെയൊന്നും അവകാശപ്പെടാൻ. എന്നാൽ പ്രസരണദിശാവ്യതിരേകം കൊണ്ടും വ്യാപ്തികൊണ്ടും വർണപ്പൊലിമകൊണ്ടും ഇവ അനന്വയങ്ങളായിത്തന്നെ വർത്തിക്കുന്നു.

ഇടശ്ശേരിയുടെ ജിവിതവീക്ഷണത്തേയും ആ മഹാപ്രതിഭയിൽ പ്രകാശിക്കുന്ന പ്രഖ്യോപാഖ്യകളുടെ അപൂർവ്വതയേയും തൊട്ടുനിന്നു നിരീക്ഷിക്കാൻ ഇവയേക്കാൾ ഫലപ്രദമായ ഉപാദാനങ്ങൾ എന്തിരിക്കുന്നു?

കവിതയെക്കുറിച്ചു തനിക്കുള്ള സങ്കൽപ്പങ്ങൾ, കവികർമ്മത്തിനു തന്നെ പ്രചോദിപ്പിക്കുന്ന ജിവിതാനുഭവങ്ങൾ, കവി എന്ന നിലയ്ക്കു തന്റെ തുടക്കവും വളർച്ചയും, തന്റെ പണിപ്പുരയ്ക്കകത്തെ സജ്ജീകരണങ്ങളും പ്രവർത്തനരീതിയും – ഇങ്ങനെ തന്നേയും കവിതയേയും ബന്ധിപ്പിക്കുന്ന സൂക്ഷ്മതന്തുക്കളിൽ ചിലത്, പലപ്പോഴായി ഇടശ്ശേരിയിൽ നിന്നു വാങ്മയരൂപത്തിൽ കിട്ടിയിട്ടുണ്ട്. അവയിലൂടെ ഒരോട്ടപ്രദക്ഷിണം മാത്രമേ ഇവിടെ ഉദ്ദിഷ്ടമായിട്ടുള്ളൂ. സാഹിത്യം മാത്രമല്ല, അതിന്നപ്പുറത്തുള്ള വ്യക്തിജീവിതത്തിലേയ്ക്കും വീക്ഷണങ്ങളിലേയ്ക്കും വിശ്വാസങ്ങളിലേയ്ക്കും നേരിട്ടു കടന്നു ചെല്ലുന്ന ഏതാനും നിബന്ധങ്ങളും ഈ വാങ്മയത്തിൽ ഉൾപ്പെട്ടിരിക്കുന്നു. നാടകം ഇടശ്ശേരിക്ക് എന്നും പഥ്യമായ വിഹാരരംഗമാണല്ലോ അതിന്റെ രൂപത്തെക്കുറിച്ചും, ലക്ഷ്യത്തെക്കുറിച്ചും, സാധ്യതകളെക്കുറിച്ചുമൊക്കെ അദ്ദേഹത്തിന്റെ ചിന്തകൾ ഏതെല്ലാം വഴിക്കു സഞ്ചരിക്കുന്നു എന്നറിയാനുള്ള ചൂണ്ടുപലകകളും ഇവിടെ കാണാം. നാലപ്പാട്ടു നാരായണമേനോൻ, പി. കുഞ്ഞിരാമൻ നായർ എന്നിവരുടെ ചില കൃതികളിലൂടെ, ഹാസ്യത്തിന്റെ മൺചെരാതു തെളിയിച്ചും കല്പനാവൈഭവത്തിലൂടെ കേവഞ്ചിയൂന്നിയും നിർവഹിക്കുന്ന വിനോദയാത്രകളുടെ അനുഭവക്കുറിപ്പുകളും ഇടശ്ശേരി പ്രബന്ധങ്ങളുടെ ഹൃദ്യതയും സമ്പന്നതയും പൊലിപ്പിക്കുന്നു. ഇവയ്ക്കൊക്കെ പുറമേയാണ്, ഉള്ളിൽത്തട്ടുന്ന രണ്ടുമൂന്ന് അനുസ്മരണങ്ങൾ: അകാലത്തിൽ അന്തരിച്ച ഇ. നാരായണൻ എന്ന വരിഷ്ഠകവിക്ക്, മർമ്മജ്ഞനും സഹൃദയനുമായ ഉറ്റതോഴന്റെ സ്നിഗ്ധോപഹാരങ്ങളാണ് രണ്ടെണ്ണം. ഒരെണ്ണം ടി. കെ. പദ്മിനി എന്ന ചിത്രകാരിയെക്കുറിച്ചു പിതൃനിർവിശേഷമായ വാത്സല്യത്തിന്റെ ദുഃഖസ്മൃതികൾ. എല്ലാം കൂടി ഇരുപത്താറു രചനകൾ. മൊത്തം നൂറ്റി ഇരുപത്തഞ്ചു പുറത്തിൽ കവിയില്ല. ഇത്രയുമായാൽ ഇടശ്ശേരിയുടെ പ്രബന്ധങ്ങളുടെ നാൾവഴിക്കണക്കായി. ഈ കൊച്ചക്ഷരച്ചെപ്പ് പതുക്കെയൊന്നു തുറന്നു നോക്കിയാലോ, ആയുഷ്കാലം മുഴുക്കേ അകിൽമണം പരത്താനുള്ള അസുലഭ സന്ദർഭമായിരിക്കും കൈവരിക.

കാവ്യരൂപത്തോട് ഇടശ്ശേരിക്കുള്ള പക്ഷപാതം സ്വകീയശൈലിയിൽ വിടർത്തിക്കാണിക്കുന്ന ഒരു പ്രകരണം ഇതിലുണ്ട്: കവിത നിത്യതരുണിയാണെന്നത്രേ അദ്ദേഹത്തിന്റെ പക്ഷം. ഇതര സാഹിത്യ ശാഖകളിൽനിന്നു വളരെ വ്യത്യസ്തമായ പ്രകൃതമാണ് അവൾക്കുള്ളത്. 'ചെറുകഥയെപ്പോലെ പൊട്ടിത്തെറിപ്പില്ല, നാടകത്തെപ്പോലെ പ്രകടഹാവഭാവങ്ങളോടുകൂടിയ പ്രൗഢയുമല്ല അവൾ' എന്ന് ഇടശ്ശേരി നിരീക്ഷിക്കുന്നു. 'കുറച്ചധികം അടക്കവും ഒതുക്കവും കാണിക്കുകയും സവിശേഷ പരിഗണന അർഹിക്കുകയും ചെയ്യുന്ന ഒരോമനത്തമാകുന്നു' കവിത. എന്നാൽ 'അവൾ കൊഞ്ചുന്ന വിഡ്ഢിത്തങ്ങൾ കേൾക്കാൻ തത്ത്വജ്ഞാനികൾ പോലും ചെവികൂർപ്പിക്കുമത്രേ.' (കവിത എന്റെ സങ്കൽപ്പത്തിൽ – കുങ്കുമപ്രഭാതത്തിന്റെ ആമുഖം). ജീവിതായോധനത്തിനിറങ്ങുന്നവർക്ക് വീരപാണവും, മുറിപ്പെട്ട് തിരിച്ചെത്തുന്നവർക്ക് അമൃതബിന്ദുവുമാണ് അവൾ. അതുകൊണ്ടൊക്കെത്തന്നെയാവാം, തുടക്കത്തിൽ തന്റെ പ്രശസ്തിക്ക് ഏറെ സഹായിച്ച നാടകത്തേക്കാൾ പരിലാളന കവിതയുടെമേൽ ചൊരിയാൻ അദ്ദേഹം വ്യഗ്രതകൊണ്ടത്. (ഇടശ്ശേരിയുടെ സങ്കൽപ്പത്തെ സുരഭിലമാക്കിയ ആ സുന്ദരമാല്യത്തിന് നമ്മുടെ കുട്ടിത്തലമുറയുടെ കൈയിൽ

എന്തുസംഭവിച്ചു എന്നോർക്കുമ്പോൾ മൂക്കത്തു വിരൽ വച്ചുപോകുന്നു!)

പൊന്നാനിക്കളരി എന്നു പ്രസിദ്ധമായ കൃഷ്ണപ്പണിക്കർ വായനശാലയിലെ സുഹൃൽസംഗമത്തിലായിരുന്നു ഇടശ്ശേരി പയറ്റിത്തെളിഞ്ഞത്. രചനാപരമായ പല പാഠങ്ങളും അദ്ദേഹം വശമാക്കിയത് കുട്ടികൃഷ്ണമാരാരിൽ നിന്നാണ്. എന്നാൽ മാരാരിൽ നിന്നുകിട്ടിയ ആ ശിക്ഷണം അദ്ദേഹത്തെ ഒരു വള്ളത്തോൾ കമ്പനിക്കാരനാക്കി. 'വള്ളത്തോളിന്റെ തൊഴുത്തിലേയ്ക്കു പാകമായ ഒരു നാൽക്കാലിയാക്കി' എന്നാണ് ഇടശ്ശേരിയുടെ ഭാഷ്യം. കാവ്യവിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിലും, ഇതിവൃത്ത സംവിധാനത്തിലും മാത്രമല്ല, 'വന്ദിപ്പിന്നമ്മയെ', 'പാലിപ്പിൻമാതാവിനെ' എന്നീ തരത്തിലുള്ള ശീർഷകങ്ങൾ കവിതക്ക് ചാർത്തുന്നതിൽപോലും അനുകരണവാസന പ്രകടമായിരുന്നു. രോഗം കലശലായപ്പോൾ മാരാർ തന്നെയാണത്രെ കടുഔഷധപ്രയോഗത്തിലൂടെ അദ്ദേഹത്തെ ആ തൊഴുത്തിൽ നിന്നും പുറത്തേക്ക് തെളിച്ചത്. 'എന്റെ കവിത' എന്ന ഉപന്യാസത്തിൽ (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ, പു. 14-15) ഇടശ്ശേരി ഈ സംഭവം വിവരിക്കുന്നുണ്ട്. അതിന്റെ ചുരുക്കമിതാണ്:

വള്ളത്തോളിന്റെ 'എന്റെ കൊച്ചുമകൾ' എന്ന കവിത സ്വയം മറന്നുപാടിക്കൊണ്ടിരിക്കയായിരുന്നു ഇടശ്ശേരി. ഒരു ഘട്ടത്തിൽ മാരാർ ഇടക്കു ചാടിവീണ്, ഇടശ്ശേരി അപ്പോൾ ചൊല്ലിക്കൊണ്ടിരുന്ന നാലു വരി ആവർത്തിച്ചു ചൊല്ലി. എന്നിട്ട് ഇടശ്ശേരിയുടെ മുഖത്തേക്ക് തുളഞ്ഞുകയറുന്ന ഒരു നോട്ടം. തുടർന്ന് ഒരു പൊട്ടിച്ചിരിയും. അവിടെ സന്നിഹിതരായിരുന്ന മറ്റു മിത്രങ്ങളും ചിരിയിൽ പങ്കുചേർന്നു. മാരാർ ആവർത്തിച്ച വരികൾ ഇതാ:

'എന്തിനങ്ങോട്ടുനിൻ കൊച്ചുകൈ നീട്ടുന്നു
നിൻതരക്കാർക്കൊത്ത പൂക്കൊതിയാൽ?
കിട്ടില്ലതിങ്കൽ നിന്നൊറ്റയിതളുമെൻ
കുട്ടിക്കവിത്വമേ നിൻ കരത്തിൽ!'

കാകൻ അന്നനട അഭ്യസിക്കും പോലെ വള്ളത്തോളിന്റെ പിമ്പേയുള്ള തന്റെ പോക്ക് എത്ര അപഹാസ്യമാണെന്ന് ഇടശ്ശേരി തിരിച്ചറിഞ്ഞു. പിന്നീടദ്ദേഹം ആവഴിക്കു തിരിഞ്ഞിട്ടില്ല.

ഒരു പക്ഷേ ഈ അനുഭവത്തിന്റെ മറ്റൊരുഫലമാകാം, ഇടശ്ശേരി പിന്നീട് എന്നും ആഗ്രഹിച്ചത് പിൻതലമുറയുടെ കൂടെ നടക്കാനാണ്. അവരുടെ അഭിപ്രായങ്ങൾക്ക് ശാശ്വതമൂല്യം ഉണ്ടോ ഇല്ലയോ - അവയ്ക്ക് ജീവനും ചോരയുമുണ്ട് എന്നതായിരുന്നു ഇടശ്ശേരിയെ ആശ്വസിപ്പിച്ച വസ്തുത. അതു രണ്ടുമില്ലെങ്കിൽ, മറ്റെന്തുണ്ടായാലും, ഒരു കലാവിദ്യയും നന്നാവാൻ പോകുന്നില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

ശാസ്ത്രീയവീക്ഷണത്തിന്റെ യുക്തിയുക്തത കവിയുടെ പകൽക്കിനാവുമായി ഇണങ്ങുകയില്ലെന്ന് ഇടശ്ശേരി ഉറച്ചു വിശ്വസിക്കമാത്രമല്ല തുറന്നു പ്രഖ്യാപിക്കയും ചെയ്യുന്നു. ശാസ്ത്രീയമായി തയ്യാർ ചെയ്തുകിട്ടുന്ന ടിൻ ഫുഡ് കഴിച്ച് കവിത മെലിഞ്ഞുപോയി എന്ന് അദ്ദേഹം പരിതപിക്കുകയും ചെയ്യുന്നു. പലരും കരുതുംപോലെ അത്ര മോശമായ ഒരേർപ്പാടല്ല സ്വപ്നം കാണൽ - ശാസ്ത്രീയ സത്യമെന്ന് നാം പൂവിട്ടു പൂജിക്കുന്ന വിഗ്രഹമാകട്ടേ, അത്ര ദിവ്യവുമല്ല. ശാസ്ത്രസത്യത്തെ മറികടന്ന് പോയിട്ടാണ് മഹത്തായ സ്വപ്നങ്ങൾ ഉണ്ടാകുന്നതെന്നും മഹത്തായ സ്വപ്നങ്ങളാണ് മനുഷ്യരാശിയുടെ ഉന്നതിയ്ക്ക് അടിസ്ഥാനമെന്നും ഇടശ്ശേരി നമ്മെ ഓർമ്മപ്പെടുത്തുന്നു. സ്വപ്നലോകത്തിൽ മാത്രമല്ല യഥാർത്ഥലോകത്തിലും, ശാസ്ത്രീയ സത്യത്തെ, പലപ്പോഴും വേലിക്കലേ നിർത്താൻ പറ്റൂ എന്നദ്ദേഹം വിവേചിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ എല്ലാ വിജ്ഞാനശാഖകളേയും സോഷ്യലിസം എന്ന ലക്ഷ്യത്തിലേക്കുള്ള മാനവരാശിയുടെ പ്രയാണത്തിന്നു തേർച്ചക്രങ്ങളാക്കണമെന്നു വാദിക്കുന്നവരാണ് കവിതയുടെ നേരെ എപ്പോഴും പരാതിക്കാരായി വരുന്നതെന്നും (കവിത-എന്റെ സങ്കൽപ്പത്തിൽ) അദ്ദേഹം തിരിച്ചറിയുന്നു. ഇപ്പറഞ്ഞതിൽ നിന്ന് കവിതക്കുണ്ടാകേണ്ട ലക്ഷ്യബോധത്തെ ഇടശ്ശേരി വേണ്ടത്ര ഗൗനിക്കുന്നില്ല എന്നു കരുതാൻ വയ്യ. കവിത സോദ്ദേശ്യമാകുന്നതിനോടു തനിക്കെതിർപ്പൊന്നുമില്ലെന്ന് അദ്ദേഹം തുറന്നു പറയുന്നുണ്ട്. 'പണിമുടക്ക്'ത്തിന്റേയും, 'ചകിരിക്കുഴികളു'ടെയും അതുപോലെ വേറേയും ഒട്ടനവധി കൃതികളുടേയും രചനയിലൂടെ അദ്ദേഹം തന്റെ ലക്ഷ്യബോധം തെളിച്ചുകാട്ടിയിട്ടുമുണ്ടല്ലോ. ഇനി മഴവില്ല്, ലവണാസുരവധത്തിലെ ഹനുമാൻ, ഒരു ഗന്ധർവ്വൻ പാടുന്നു എന്നീ കവിതകൾ പൊക്കിക്കാട്ടി, കവിക്കു

സമൂഹബോധം പോര എന്ന് ആരെങ്കിലും പരാതിക്കൊടി പിടിക്കുന്നുവെങ്കിൽ, അതുകണ്ട് അസാരം പരിഭ്രമിക്കുന്ന കൂട്ടത്തിലുമല്ല അദ്ദേഹം. തങ്ങൾക്ക് സമൂഹത്തോടു വിശേഷിച്ചൊരു കടപ്പാടുമില്ല എന്ന് ഇങ്ങേ അറ്റത്തു തുള്ളിച്ചാടുന്ന എഴുത്തുകാരേയും അദ്ദേഹം വകവെയ്ക്കുന്നില്ല. രണ്ടു കൂട്ടരേയും മാറ്റിനിർത്തി അദ്ദേഹം തന്റെ വഴിക്കു കടന്നുപോകും. സ്പഷ്ടമായ ലക്ഷ്യം കുറിച്ചുവെച്ച്, ഇടംവലം നോക്കാതെ, അവിടേയ്ക്ക് കുതിക്കുന്ന കായികവിനോദക്കാരന്റെ പിൻഗാമിയല്ല കവി. തേനുണ്ണാനാണ് പൂമ്പാറ്റ പൂവിലെത്തുന്നത്. ഒപ്പം അതിന്റെ ചിറകുകൾ പരാഗസംക്രമണം നിർവഹിക്കുന്നു. അതുപോലെ കവി മനോഹരവും ലോലവുമായ തന്റെ കലാവിദ്യകൊണ്ട് സമൂഹസേവനം നടത്തുന്നു. പറക്കുന്നു എന്നുവെച്ച് പൂമ്പാറ്റകൾ ബോംബർ വിമാനങ്ങളാകണമെന്ന് ശഠിക്കുന്നത് പമ്പരവിഡ്ഢിത്തമാണെന്നു സൂചിപ്പിച്ചുകൊണ്ടാണ് മുമ്പു സൂചിപ്പിച്ച അതിവാദക്കാരെ ഇടശ്ശേരി നേരിടുന്നതും പിൻമടക്കുന്നതും.

എന്താണ് പുരോഗമനസാഹിത്യം എന്ന ചോദ്യത്തിന് സ്പഷ്ടമായ ഉത്തരമുണ്ട് ഇടശ്ശേരിക്ക്. അദ്ദേഹം അതു വിശദമാക്കുന്നത് ഒരു പ്രത്യേകരീതിയിലാണ്: സോഷ്യലിസ്റ്റ് ഇന്ത്യയിൽ, സ്ഥാനമാനങ്ങൾ പോയതിൽ ദുഃഖിക്കുന്ന രാജാക്കന്മാർ മുതൽ ഇത്തിരി ജന്മാവകാശം നഷ്ടപ്പെട്ട സാധുമനുഷ്യർവരെയുണ്ട്. ഇവരിൽ ആരുടെ ദുഃഖമാണ് സഹതാപാർഹമല്ലാത്തത്? എന്നാൽ ഇവർക്കു നഷ്ടപ്പെട്ടത് അതേപടി തിരിച്ചുനൽകി, അധ്വാനിക്കുന്ന ജനകോടികൾക്ക് ശാശ്വതമായ ചങ്ങലക്കെട്ടുകൾ ആശംസിക്കുന്നുവെങ്കിലോ? അതു തീർച്ചയായും പിന്തിരിപ്പൻ മനഃസ്ഥിതിതന്നെ. മറിച്ച്, സ്ഥാനഭ്രഷ്ടരായ വ്യക്തികളെ സമുദായത്തിന്റെ ഇഴക്കുത്തുകളിൽ ഭംഗിയായി പുനർനിവേശിപ്പിക്കാനുള്ള ഏതെങ്കിലും നിർദ്ദേശം അടങ്ങുന്നു എങ്കിൽ, അതാണ് പുരോഗമന സാഹിത്യം. മനുഷ്യോന്നമനമാണ് ജീവിതത്തിന്റെ സ്വാഭാവികമായ ലക്ഷ്യം. അതിലേക്കു നയിക്കുന്ന ഏതു സാഹിത്യവും പുരോഗമനപരമായിരിക്കും.

മനസ്സിലെ വൈകൃതങ്ങളെ തുറന്നുവിടാനുള്ള ഒരുപാധിയാക്കി സാഹിത്യത്തെമാറ്റുന്ന അത്യന്താധുനികരോടും ഇടശ്ശേരിക്കു സഖ്യമില്ല. വൈകൃതങ്ങൾ ആവിഷ്കരിക്കുന്നതിനോടല്ല എതിർപ്പ്. അതിന്നവലംബിക്കുന്ന രീതിയോടാണ്. വിഷം മാരകമാണ്. എന്നാൽ വേണ്ടും വണ്ണം ഉപയോഗിക്കുമ്പോൾ അത് സ്ഢൗഷധമായി പ്രവർത്തിക്കുന്നു. അതുപോലെ, മനുഷ്യോന്നമനത്തിനുള്ള യത്നത്തിൽ ഔഷധമാക്കി ഉപയോഗപ്പെടുത്തുന്നിടത്തോളം, ഇത്തരം വൈകൃതങ്ങൾക്ക് സാഹിത്യത്തിൽ സ്ഥാനം അനുവദിക്കുന്നത് ഇടശ്ശേരിക്ക് സമ്മതമാണ്. പരാർഥജീവിതത്തിലേ ആനന്ദമുള്ളൂ. അനർഹങ്ങളായ ജീവിതാഭിലാഷങ്ങളിലുള്ള അത്യാസക്തിയാണ് വിഷാദാത്മകത്വത്തിനു ഹേതു. എന്തുകിട്ടിയില്ല എന്നതല്ല എന്തു കൊടുത്തില്ല എന്നതാണ് ഉന്നത ജീവിതത്തിന്റെ പ്രശ്നം. അഭയംതേടി എന്ന കവിത സമർഥിക്കുന്നത് ഈ വിചാരഗതിയുടെ കലാസുഭഗമായ ഭാവപരിണതി തന്നെയല്ലേ?

സാമ്പത്തിക ക്ലേശങ്ങളും മറ്റും യഥാർത്ഥത്തിൽ ജീവിതത്തെ മുരടിപ്പിക്കുകയല്ല, മറിച്ച് ജീവിക്കുവാൻ പ്രചോദിപ്പിക്കയാണ് എന്നത്രേ ഇടശ്ശേരിയുടെ പക്ഷം. ആവശ്യങ്ങൾ മുറയ്ക്കു വരുന്നില്ലെങ്കിൽ ആ ജീവിതം കൊണ്ട് എന്തു പ്രയോജനം എന്നാണദ്ദേഹം ചോദിക്കുന്നത്. ബിംബിസാരന്റെ ഇടയനിലൂടെ ഈ ആശയത്തിന്നു സിദ്ധിക്കുന്ന കാവ്യസാഫല്യം പ്രസിദ്ധമാണല്ലോ. ജീവിതലക്ഷ്യം മുക്തിയാണ് എന്നത് ഏട്ടിൽക്കണ്ട അറിവാണെന്നും തനിക്കതിൽ ലവലേശം വിശ്വാസമില്ലെന്നും വെട്ടിത്തുറന്നുപറയാൻ യാതൊരു സങ്കോചവും കാണിക്കാത്ത കവിയും വ്യക്തിയുമാണ് ഇടശ്ശേരി.

‘വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം’

എന്നല്ലേ അദ്ദേഹം സിദ്ധാന്തിക്കുന്നത്?

ഗാന്ധിജിയായിരുന്നു ഇടശ്ശേരിയുടെ ആദർശപുരുഷൻ. ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ സാഹിത്യത്തിൽ ഒറ്റവരിയും താൻ എഴുതിയിട്ടില്ലെന്ന് അദ്ദേഹം ശപഥം ചെയ്യുന്നുണ്ട്. ഇവിടെ ‘ഗാന്ധിജിയെ സ്മരിച്ചുകൊണ്ടല്ലാതെ’ എന്ന പ്രയോഗം സവിശേഷ ശ്രദ്ധയർഹിക്കുന്നു. ഗാന്ധിജിയുടെ ആശയങ്ങൾക്ക് അനുകൂലമായും പ്രതികൂലമായും ഉയർന്നുവന്ന പ്രതികരണങ്ങൾ എന്നാണ്

വിവക്ഷിതം. നിരൂപകന്റെ ഏകലോചനം ഇതു കാണാൻ ക്ഷമകാട്ടിയില്ല. അനുകൂല പ്രതികരണങ്ങൾ കണ്ടവർ അദ്ദേഹത്തെ അചികിത്സ്യനായ ശുഭാപ്തിവിശ്വാസക്കാരൻ  എന്ന് മുദ്രകുത്തി മാറ്റി നിർത്തി. പ്രതികൂല പ്രതികരണങ്ങളിൽ ശ്രദ്ധിച്ചവർ അദ്ദേഹത്തെ  കമ്മ്യൂണിസ്റ്റാക്കി. താൻ ജീവാവസാനം വരെ പഠിച്ചുകൊണ്ടിരുന്ന ഗാന്ധിയൻ മാർഗ്ഗങ്ങളോട് തനിക്കുള്ള പ്രിയാപ്രിയങ്ങളാണ് രണ്ടിന്നും ആസ്പദമെന്ന് ഒരു പുഞ്ചിരിയോടെ കവി ഇരുപക്ഷത്തേയും സാകൂതം വീക്ഷിക്കുന്നു. ഗാന്ധിജിയോടു തനിക്കുണ്ടായിരുന്ന ബന്ധത്തിന്റെ തീവ്രത വിശദമാക്കാൻ ഇടശ്ശേരി സ്വജീവിതത്തിൽ നിന്ന് എടുത്തുകാട്ടുന്ന ഒരു നിമിഷമുണ്ട്; സംഭവമിതാണ്:

മനസ്സിൽ മുറിപ്പെട്ട ഭീരുവിന്റെ പകയുമായിട്ടാണ് ഒരു ദിവസം താൻ വീട്ടിൽ മടങ്ങിയെത്തുന്നത്. പക എന്നു പറഞ്ഞാൽ മറുമരുന്നില്ലാത്ത കടുത്ത പക. 'മനുഷ്യമനസ്സ് ഒട്ടിപ്പിടിക്കാൻ വിദ്വേഷത്തെപ്പോലെ പശയുള്ള മറ്റൊരുവികാരമില്ലെന്ന്  ഈ സംഭവത്തെ ഓർത്തുകൊണ്ട് പിന്നീടദ്ദേഹം വിവേകം കൊള്ളുന്നുണ്ട്. വീട്ടിൽ, ചുമരിൽ തൂക്കാൻ വേണ്ടി ചട്ടയിട്ടുവെച്ച ഗാന്ധിജിയുടെ പടം. കുറച്ചു ദിവസമായി അതു ചുമരിൽ തൂക്കാൻ ആലോചിച്ചു തുടങ്ങിയിട്ട്. അപ്പോഴേ ചട്ടയിട്ടു കിട്ടിയിട്ടുള്ളു. എന്നാൽ കലങ്ങി മറിഞ്ഞ മനസ്സിന്ന് അതു നോക്കാൻ ശ്രദ്ധയില്ല. മനസ്സു പുകഞ്ഞുകൊണ്ടിരുന്നു. അതിനിടെ എപ്പോഴോ മനോരാജ്യത്തിൽനിന്നുണർന്നപ്പോൾ ചിത്രത്തിലേക്കു കണ്ണു ചെന്നു. ഗാന്ധിജിയുടെ വിടർന്ന ചുണ്ടിലെ മായാത്ത മന്ദഹാസം മനസ്സിനെ വല്ലാതെ അലോസരപ്പെടുത്തി. മേശ്പ്പുറത്തുനിന്ന് അന്നത്തെ പത്രവുമെടുത്ത് മഹാത്മാവിന്റെ മുഖം മറച്ചതേയുള്ളൂ, പെട്ടെന്നു തന്റെ ഉള്ളിൽ നിന്നോ പുറത്തുനിന്നോ എന്നറിയാൻ പാടില്ല, ഒരാക്രോശം: 'ഗോഡ്സെ'എന്ന്. വിറക്കുന്ന കൈകൊണ്ട് ഇടശ്ശേരി പത്രത്തിന്റെ ആവരണം നീക്കി: കൊടുങ്കാറ്റിൽ കാർമേഘങ്ങൾ നീങ്ങിയ ആകാശത്തെ എന്റെ അന്തർനേത്രങ്ങൾ കണ്ടു. നടാടെ, ഞാനാ മഹാ തേജസ്സിന്നുമുൻപിൽ കണ്ണടച്ചുകൈകൂപ്പിനിന്നു. മരണം വരെ എനിക്ക് അനുസ്മരിക്കാനുള്ള രംഗം,' എന്നാണ് ആ അനുഭവത്തെ ഇടശ്ശേരി രേഖപ്പെടുത്തിയിരിക്കുന്നത്.

തികഞ്ഞ ആസ്തികനായിരുന്നു ഇടശ്ശേരി. എന്നാൽ തന്റെ ആസ്തിക്യത്തിന്നുമുണ്ട് വിശേഷം. 'സ്വന്തം ജീവിത്തിലെ അനുഭവങ്ങൾ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്ന ഒരാൾക്ക് വിശ്വാസം വർദ്ധിക്കുകതന്നെ ചെയ്യും' എന്ന് മകൻ സതീശ് നാരായണന്ന് എഴുതിയ ഒരു കത്തിൽ അദ്ദേഹം ഊന്നിപ്പറയുന്നു. ഈ വിശ്വാസം ഒടുവിൽ ശക്തിയായി പരിണമിക്കുമെന്നും അദ്ദേഹം അറിയുന്നു. പാല് കൂടുതൽ ആവശ്യം വരുമ്പോൾ തന്റെ ഗൃഹേശി, തലേന്നും തലത്തലേന്നും കൂടുതൽ പിണ്ണാക്കുകൊടുത്ത് പശുവിനെ ഒരുക്കുന്നതുപോലെ, ഏതോ ഒരദൃശ്യ ശക്തി, സന്ദർഭത്തിനു പാകത്തിൽ തന്നേയും ഒരുക്കി നിർത്തുന്നുവെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. ആലപ്പുഴവെച്ചും, പൊന്നാനിവെച്ചുമുണ്ടായ രണ്ടനുഭവങ്ങൾ ദൃഷ്ടാന്തമായി എടുത്തുകാട്ടിക്കൊണ്ടാണ് ഈ സംഗതി അദ്ദേഹം മകനെ ധരിപ്പിക്കുന്നത്. വിശ്വാസവും ദുഃഖാനുഭവങ്ങളും ഇരു ചിറകുകളാക്കിക്കൊണ്ടാണ് ശക്തി ഇടശ്ശേരിക്കുമുമ്പിൽ പ്രത്യക്ഷപ്പെടുന്നത് എന്നു ചുരുക്കം. ഏതു ചിന്തകനേയും കവിയേയും വിസ്മയിപ്പിക്കുമാറ് അത്ര തെളിഞ്ഞ നേർക്കാഴ്ച്ചയും ഉൾക്കാഴ്ച്ചയും കൈവരുത്തിക്കൊടുത്തതും അന്യാദൃശമായ ഈ ശക്തിവിശേഷംതന്നെയായിരിക്കണം.

ഇടശ്ശേരിയുടെ പിന്നാലെ അദ്ദേഹത്തിന്റെ പണിപ്പുരയിൽ ഒന്നു കയറിനോക്കുന്നത് ഉന്മേഷപ്രദമാണ്, ഓജസ്ക്കരവുമാണ്. 'കരുവാന്റെ ആല' എന്നാണ് ഇടശ്ശേരി അതിന്നു നൽകിയ ഓമനപ്പേര്. മനസ്സ് ഏതോ അഗാധതയിൽ നിന്ന് ഒരു കുടന്ന അയിർമണ്ണുമായി ഉയർന്നുവന്നശേഷമേ പണിപ്പുരയിലേക്കു പ്രവേശിക്കുന്നുള്ളൂ. അതിന്നുമുമ്പ് അതിന്ന് അനേകം ഘട്ടങ്ങൾ കടന്നുപോരേണ്ടതുണ്ട്. മനസ്സ് വികാരഭരിതമായിരിക്കുമ്പോഴെല്ലാം അല്ലെങ്കിൽ അന്തർമുഖമാകുമ്പോഴെല്ലാം സംഭവിക്കുന്നതല്ല, സാധിക്കുന്നതുമല്ല ഈ സർഗപ്രക്രിയ. ഒരിച്ഛാശക്തികൂടി പ്രവർത്തിക്കുന്നുവെങ്കിലേ മനസ്സ് സർഗോന്മുഖമാകയുള്ളൂ. പിന്നേയും കടക്കണം അനേകം കടമ്പകൾ – ആത്മാവിന്റെ ഏകാന്തവും ഏകാഗ്രവുമായ സ്വപ്നാവസ്ഥ – അതിന്റെ ഏതോ ഘട്ടത്തിൽവെച്ച് മനസ്സ് അഗാധതയിലേക്ക് ഊളിയിട്ടുപോകുന്നു. അവിടെനിന്ന് അയിർമണ്ണുമായി പൊങ്ങിവന്ന് പണിപ്പുരയിലേയ്ക്കു കടന്നാലോ, പിന്നെ മനസ്സിനെ അവിടെ നിന്നു പിന്തിരിപ്പി

ക്കാനുമാവില്ല സർഗക്രിയതീരും വരെ. നൂറായിരം പ്രാപഞ്ചികകാര്യങ്ങളിലൂടെ ഇതിനിടെ യാന്ത്രികമായി സഞ്ചരിക്കേണ്ടി വന്നേക്കാം – എന്നാലും, കുഞ്ഞിന്നടുക്കൽ അമ്മ എന്നപോലെ മനസ്സിന്റെ സാന്നിദ്ധ്യം പണിപ്പുരയിലായിരിക്കും.

ഇന്നമട്ടിലാണ് കവിത രൂപപ്പെട്ടുവരിക എന്നൊന്നും നിശ്ചയിക്കവയ്യ. ചിലപ്പോഴത് ഏതെങ്കിലും പ്രശ്നമായിട്ടായിരിക്കും പ്രത്യക്ഷപ്പെടുക – ഉദാഹരണത്തിന് ഇടശ്ശേരി എടുത്തുകാട്ടുന്നത് 'പുത്തൻ കലവും അരിവാളും' എന്ന കവിതയുടെ രചനാവേളയാണ്.

'ആരേപോയ പുകിൽക്കിപ്പാട
ത്തരിമയൊടാരിയൻ വിത്തിട്ടൂ?
ആരേ കൊയ്ത്തു കഴിച്ചതീയാണ്ടിൽ
കോമൻ വിളയിച്ച പൊന്നാര്യൻ?'

എന്നീ നാലുദളങ്ങളത്രേ ഈ കവിതയിൽ ആദ്യം വിരിഞ്ഞത്. ഇന്നു കാണുംവിധം ഇവയിൽ ആദ്യത്തെ ഈരടി തുടക്കത്തിലും മറ്റേത് ഒടുക്കത്തിലുമാക്കി ഇടയിൽ കാവ്യശരീരം മുഴുക്കെ കൊള്ളിച്ചുകൊണ്ടാണ് കാവ്യരചന പൂർത്തിയാകുന്നത്. ഇവിടെ കവിതയുടെ രൂപത്തെക്കുറിച്ച്ആദ്യമേ ധാരണയില്ലായ്കയല്ല, ആദ്യവസാനഭാഗങ്ങൾ ആദ്യം വാർന്നുവീണു എന്നതാണ് സംഗതി. പോരെങ്കിൽ, ആദ്യം വന്ന നാലുവരിയിൽ ഉന്നീതമായ ചോദ്യത്തിന് ഉത്തരമാണല്ലോ മുഴുരൂപത്തിലുള്ള ആ കവിത. എന്നാൽ കവിതയുടെ രൂപത്തെക്കുറിച്ച് വ്യക്തമായ സങ്കൽപ്പമില്ലാതെ എഴുതിത്തുടങ്ങിയവയും കുറവല്ല എന്ന് ഇടശ്ശേരി ഏറ്റുപറയുന്നു. 'എന്റെ ആത്മാർത്ഥത' എന്ന കവിത ഒരുദാഹരണം. കുറേ വരികൾ എഴുതിക്കഴിഞ്ഞശേഷമാണത്രേ ആ കവിതയുടെ രൂപത്തെക്കുറിച്ച് കവിക്കുതന്നെ ഏതാണ്ടൊരു രൂപം സങ്കൽപ്പിക്കാൻ കഴിഞ്ഞത്.

കാവ്യ നിർമ്മാണവേളയിൽ നിരൂപണബുദ്ധി എത്രത്തോളം ആകാം? ഏറെ നന്നല്ല, എന്നാൽ തീരെ ഉപേക്ഷിക്കേണ്ടതുമില്ല എന്നൊരു മധ്യവർത്തിത്വമാണ് പൊതുവിൽ ഇടശ്ശേരിയുടെ നയം. ഇടശ്ശേരി സങ്കൽപ്പത്തിൽ വിടർന്ന വാടാമലരുകളുടെ കൂട്ടത്തിൽ ഏറെ അഭിനന്ദനം ലഭിച്ച ഒരീരടിയുണ്ടല്ലോ, 'പ്രേമോപഹാരത്തിൽ'

'പണ്ടു മീ മട്ടുണ്ടൊന്നു വിരിയാൻ തന്നോമന
ച്ചുണ്ടി, ലതാൺപൂവെന്നോ
വയ്യോതാൻ പെൺപൂവെന്നോ.'

ഈ ഈരിഴ ഇടശ്ശേരിയിൽ നിന്നു പേർത്തിയെടുത്തത് തന്റെ ഉറ്റമിത്രങ്ങളടങ്ങിയ സുഹൃൽസംഘമായിരുന്നത്രേ. ആഫലോദയകർമ്മികളായ ആ പിടിവാശിക്കാരെ ഇടശ്ശേരി കൃതജ്ജ്ഞതാപൂർവ്വം സ്മരിക്കുന്നുണ്ട് 'എന്റെ പണിപ്പുര' എന്ന ലേഖനത്തിൽ.

വ്യാകരണവിധികൾക്ക് ചരിത്രപ്രാധാന്യമേ ഇടശ്ശേരി കല്പിക്കുന്നുള്ളു. വേണ്ടിവന്നാൽ ലംഘിക്കാം. എന്നാൽ അതല്ല, ഔചിത്യവിധികളുടെ വിധി. ഏതുഘട്ടത്തിലും അവ അലംഘനീയങ്ങളായിത്തന്നെ വർത്തിക്കുന്നു എന്നദ്ദേഹം ഊന്നിപ്പറയുന്നു. ഭാവരൂപങ്ങളെക്കുറിച്ചുമുണ്ട് തന്റേതായ ഒരു നിലപാട്. ഭാവം പോലെ മുഖ്യമാണ് രൂപവും എന്നു കരുതുന്ന ആളാണദ്ദേഹം. രണ്ടും ഒപ്പം തന്നെ ഉദയംകൊള്ളുമെന്നൊന്നും ശഠിക്കവയ്യ. ചിലപ്പോൾ ഭാവത്തെപോലെ സുവ്യക്തമായ അവയവരേഖകളൊടെയാവില്ല രൂപത്തിന്റെ അവതാരം. ഇതിവൃത്തം മുതൽ ആശയവിനിമയത്തിന്നായി ഉപയോഗിക്കുന്ന വാക്കുകൾവരെ – വിഷയം, വിഷയത്തിന്റെ വിഭജനം, പ്രതിപാദ്യം, അലങ്കാരം, വൃത്തം, എല്ലാം ഉൾപ്പെടുന്ന ഒന്നായിട്ടാണ് അദ്ദേഹം രൂപത്തെക്കാണുന്നത്. അതിനാൽ ഭാവോദ്ദീപ്തമാകണമെങ്കിൽ, കാവ്യം ഭദ്രരൂപവുമായിരിക്കണമെന്ന് അദ്ദേഹം കരുതുന്നു.

കവിസത്തയും കാവ്യഗതിയും സമുദായപുരോഗതിയും, ഒന്നു മറ്റൊന്നിനെ പോഷിപ്പിച്ചും ഇണങ്ങിയും, കാലാന്തരത്തിൽ എങ്ങനെ രൂപാന്തരപ്പെടുന്നു എന്ന സംഗതി ഇടശ്ശേരിയെ വളരെ ചിന്തിപ്പിച്ചിട്ടുണ്ട്. മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ കാവ്യരചനാശൈലിയിൽ കാലം കൊണ്ടുണ്ടായ പരിണാമം വ്യക്തമാക്കുന്ന ഒരുദാഹരണം എഴുതിക്കാണിച്ച് അദ്ദേഹം ഇക്കാര്യം ഭംഗിയായി അനാവരണം ചെയ്യുന്നു. ഒപ്പം, ഇത്തരം വിഷയങ്ങളിലേയ്ക്കു വെളിച്ചം തരുന്നതിനു മലയാളഭാഷയ്ക്കു സ്വന്തമായി ഒരലങ്കാരശാസ്ത്രം ഉണ്ടാവാതെ പോയത് എത്രകഷ്ടമായി എന്നു നെടുവീർപ്പിടുകയും ചെയ്യുന്നു. 'അലങ്കാരശാസ്ത്രം' എന്ന

ശബ്ദം ഇടശ്ശേരി ഇവിടെ പ്രയോഗിക്കുന്നത്, നമ്മുടെ വിമർശകരിൽ യോഗ്യരായ പലർക്കും അപരിചിതമായ അതിന്റെ മൗലികാർത്ഥത്തിലാണ് എന്നുകൂടി ഓർക്കുക. ഇടശ്ശേരിയുടെ ഉദാഹരണത്തിലേയ്ക്കു കടക്കാം.

'ഒരുകാശൊരുകാശു വിലശൈല
ച്ചെരുവിദ്ദീനവിലാപമേറ്റു ചൊല്ലി'

എന്നെഴുതിയകാലത്തു യാചകബാലനെ കണ്ടുതപിച്ച കവിഹൃദയം തണുപ്പിക്കാൻ ഒരു വ്യക്തിയുടെ വദാന്യതയ്ക്കു കഴിയുമായിരുന്നു.

'വെമ്പുക, വിളറുക, വിറകൊള്ളുക, നോക്കൂ
നിൻ പുരോഭാഗത്തതാ ധീരകർമ്മാവാം നാളെ'

എന്നെഴുതിയ കാലത്തു നീതിപൂർവ്വകമായ സാമ്പത്തിക സമത്വത്തെ വിഭാവനം ചെയ്യുന്ന ഒരു വ്യവസ്ഥിതിക്കുമാത്രമല്ലാതെ ആ ഹൃദയാഗ്നിയെ ശമിപ്പിക്കാൻ സാധ്യമല്ലെന്നു വന്നു. (കവിത എന്റെ സങ്കൽപ്പത്തിൽ). കാരുണ്യത്തിന്നുവേണ്ടി കേഴുകയും നീതിക്കുവേണ്ടി അലറുകയും ചെയ്യുന്ന കവികളെ, അച്ചടക്കത്തിന്റെ മാനദണ്ഡംവെച്ചു താരതമ്യം ചെയ്യാൻ വയ്യെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ടേ അദ്ദേഹം ആ പ്രകരണം അവസാനിപ്പിക്കുന്നുള്ളൂ. കാലത്തിന്റെ മാറ്റത്തെക്കുറിച്ചും പരിഷ്കാരം മനോഭാവങ്ങളിൽ വരുത്തുന്ന സങ്കീർണതകളെക്കുറിച്ചും, പ്രാഥമികവിദ്യാലയത്തിന്നപ്പുറം ഔപചാരിക വിദ്യാഭ്യാസം സിദ്ധിക്കാൻ വിധിച്ചിട്ടില്ലാത്ത ഈ നാട്ടുമ്പുറത്തുകാരന്ന് എന്തൊരുൾക്കാഴ്ച! ഇവിടെയെത്തുമ്പോഴാണ് ഇടശ്ശേരിയെക്കുറിച്ച് ഒരു പ്രഹേളിക പ്രചാരത്തിലിരിക്കുന്നത് ഓർത്തുപോകുന്നത്. കവിതയെഴുത്തും ആധാരമെഴുത്തുജോലിയും എങ്ങനെ പൊരുത്തപ്പെട്ടുപോകുന്നു എന്നാണ് ആ ചോദ്യം. ഇതിന്നൊരു സമാധാനം തിരഞ്ഞുപോകേണ്ട ആവശ്യമില്ല. ഇടശ്ശേരിതന്നെ ഒന്നിലധികം സന്ദർഭങ്ങളിലായി തക്കമറുപടി പറഞ്ഞുവച്ചിട്ടുണ്ട്. 'കവിത എന്റെ ജീവിതത്തിൽ', 'ഒരു കവിയുടെ വളർച്ച' എന്നീ നിബന്ധങ്ങൾ ശ്രദ്ധിച്ചാൽ മതി. വളരെ സമർത്ഥവും രസകരവുമായ രീതിയിലാണ് അദ്ദേഹം ഈ വിഷയം ചർച്ച ചെയ്യുന്നത്. 'ഒളിച്ചോട്ടം' എന്ന കവിത ആരംഭിക്കുന്നതുതന്നെ ഈ പ്രമേയം എടുത്തിട്ടുകൊണ്ടാണ്. നോക്കുക:

'എഴുത്തുമേശതൻ മുന്നിലിരിക്കുന്നൂ ഞാൻ
പെരുത്തുണ്ടേ ജനമെൻ മുറിയിലിപ്പോൾ
കരണങ്ങളെഴുതിക്കലവർക്കാവശ്യം
കവിതകൾ കുറിക്കലേ നമുക്കു പഥ്യം
ഒഴുകുന്നൂ മഹാകാലപ്രവാഹം, ഞാനോ
വഴുപ്പൻ പാറപോലോളത്തിരക്കിൽ വാഴ്വൂ
തനി വെള്ളക്കടലാസിൻ ചുരുൾ നിവരും
തദീയോരസ്തടം മെല്ലെ പുളകം കൊള്ളും
കനകത്താരെതിർനിറം കലരുന്നോൾ തൻ
കടമിഴിമുനകൊണ്ടു കുറിക്കുമെങ്കിൽ
കനക്കുന്നൂ രസമെന്റെ ജനത്തിനൊപ്പം
കരണമാകിലെ, ന്തെന്തേ കവിതയാൽ?'

ഒരു കവിയുടെ വളർച്ച എന്ന പ്രബന്ധത്തിൽ ഇടശ്ശേരി ഇങ്ങനെ കുറിച്ചിട്ടുണ്ട്: 'കവിയ്ക്ക് സങ്കൽപ്പം വേണം. സ്വപ്നം കാണണം, തീരാത്ത മനോരാജ്യത്തിന്ന് അവസരം വേണം, അതിന്നു വിഘാതമാണ് ഏതൊരന്യകർമ്മവും. ഒരു ഡോക്ടറാണെന്നു വയ്ക്കുക. ക്ലോറഫോം കൊടുത്തശേഷം കത്തി കയ്യിലെടുത്തു മനോരാജ്യം വിചാരിക്കാനിരുന്നാൽ രോഗി ബാക്കിയുണ്ടാകുമോ? മനോരാജ്യക്കാരനായ എഞ്ചിനീയറുടെ തലവിധി എന്തായിരിക്കും? ഇതിൽക്കവിഞ്ഞ കുഴപ്പമൊന്നും ഭാഗ്യവശാൽ ഒരു കവിക്ക് സ്വന്തം തൊഴിൽകൊണ്ടു സംഭവിക്കാനില്ല.'

മിഥ്യാഭിമാനപ്പണ്ടാരങ്ങളായ കേരളപുത്രൻമാർക്ക് ഉളുപ്പ് എന്നൊന്നുണ്ടെങ്കിൽ തൊഴിലഭിമാനം എന്തെന്ന് അസ്സലായറിയാവുന്ന അറിഞ്ഞുപ്രവർത്തിക്കുന്ന ഇടശ്ശേരിയുടെ വാക്കുകൾക്കുമുമ്പിൽ തലകുനിഞ്ഞുപോകേണ്ടതാണ്. ഹൃദയപൂർവ്വമായ ആത്മപരിശോധനയിലൂടെ മാനസാന്തരം വരേണ്ടതാണ്. എന്നിട്ടു മതി കാവ്യാനുശീലനത്തിന്നൊക്കെ ചാടിപ്പുറപ്പെടുക.

ഇതേ വസ്തുതയുടെ മറ്റൊരു വശത്തേയ്ക്കു പ്രകാശം പരത്തുന്ന ഏതാനും വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. ഇത് 'കവിത എന്റെ ജീവിതത്തിൽ' എന്ന ലേഖ

നത്തിൽ നിന്നാണ്: 'ഒരു കവി ജീവിക്കുന്നു എന്നതിന്ന് എന്താണർത്ഥം? അയാൾ സ്വന്തമായി പ്രപഞ്ചങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ആ സൃഷ്ടി കർമ്മത്തിൽനിന്നു വ്യതിരിക്തമായ ജീവിതത്തെ അയാൾ വ്യാധധർമ്മമായി കരുതുന്നു, ധർമ്മശാസ്ത്രമനുസരിച്ച് അതെത്ര വിശിഷ്ടമായാലും ആ വ്യാധധർമ്മത്തിൽ നിന്ന് എത്രയും വേഗത്തിൽ ഓടിയകലാനാകും കവി ആഗ്രഹിക്കുക. ആദ്യകവിക്കു മഹർഷിമാരുടെ അനുഗ്രഹത്താൽ അതിന്നൊരവസരം കിട്ടിയതു പ്രസിദ്ധമാണല്ലോ. താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ, താന്താനനുഭവിച്ചീടുകെന്നേ വരൂ എന്നു പറയാൻ എന്റെ നിഷാദിനി കൂട്ടാക്കാത്തതുകൊണ്ട് ഞാൻ വ്യാധധർമ്മം തന്നെ തുടരുന്നു.'

ഈ അവസാനവാക്യം കുറിയ്ക്കുന്നത് ഇടശ്ശേരിയുടെ വിനയമാണ്, സഹധർമ്മിണിയിലുണ്ടായിരുന്ന ദൃഢപ്രത്യയമാണ്, അളവില്ലാത്ത സ്നേഹവായ്പാണ്. ആ വ്യാധധർമ്മത്തെ അദ്ദേഹം എത്ര പവിത്രമാക്കിയിരിക്കുന്നു എന്ന് നടേ ഉദ്ധരിച്ച 'ഒളിച്ചോട്ട'ത്തിലെ വരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

ഇതിന്നു പുറമേ, ഈ ഘട്ടത്തിൽ രണ്ടു വസ്തുതകളിലേയ്ക്കുകൂടി നമ്മുടെ ശ്രദ്ധ ചെല്ലേണ്ടതുണ്ട്. ഒന്ന്, ഭൗതികസമ്പത്തിന്റെ നേരേ ഇടശ്ശേരി കൈക്കൊണ്ടുപോന്ന അലംഭാവത്തിലേയ്ക്ക്, അല്ലെങ്കിൽ നിർമ്മമതയിലേയ്ക്ക്. രണ്ട്, സ്വധർമ്മത്തെക്കുറിച്ച് അദ്ദേഹത്തിന്നുണ്ടായിരുന്ന വ്യക്തമായ കാഴ്ച്ചപ്പാടിലേയ്ക്ക്. ഇപ്പറഞ്ഞതിൽ ഭൗതികസമ്പത്തിനോടുള്ള തന്റെ സമീപനം, രണ്ടു സന്ദർഭങ്ങളിലായി, ഓരോ മുക്തകത്തിലൂടെ, അർഥശങ്കയ്ക്കിടവരാവണ്ണം, അദ്ദേഹം വ്യക്തമാക്കിത്തന്നിട്ടുണ്ട്. ഒന്നിതാ:

'ദാരിദ്ര്യം പെറ്റുകൂട്ടും പലപല പരിഹാ
സ്യങ്ങൾ പാപങ്ങൾ തിങ്ങി
ക്കൂരയ്ക്കൊക്കുന്ന മജ്ജീവിത, മനുനിമിഷം
ഹന്ത ശബ്ദായമാനം
ഹേ, ലക്ഷ്മീദേവീ, കാൽത്താർകളിലടിയനിതാ
വീണിരക്കുന്നു, നീയും
കേറീക്കൂടൊല്ല നിന്നോമനദുരിതശതം
കൂടിയും പെറ്റുകൂട്ടാൻ'

ഇടശ്ശേരി എന്ന വ്യക്തിയും കവിയും ധാരാളം ഫലിതം പറയുന്ന കൂട്ടത്തിലാണ്. എന്നാൽ ഈ ശ്ലോകത്തിന്റെ ഈറ്റില്ലം അപ്രദേശത്തല്ലെന്ന് അതിന്റെ രക്തവർണ്ണം വിളംബരം ചെയ്യുന്നു.

അച്ഛനോടുള്ള കടപ്പാടിന്റെ കഥ വിവരിക്കുംമട്ടിലുള്ള ഒരു പദ്യമാണ് രണ്ടാമത്തേതായി കാട്ടാനുള്ളത്:

'തീരാക്ലേശങ്ങൾ താങ്ങുന്നതിനു കഴിവെഴും
ദേഹവും ദീപ്തിമാർഗം
ചേതസ്സും തന്നു, ഞാനച്ഛനൊടിവയുടെ പേർ
ക്കല്ല കൂറാണ്ടിരിപ്പൂ
ഈയാശിസ്സോടെതൂങ്ങാൻ തരമൊടുതരമാ
ക്കുന്ന പൊന്നിന്റെ പാശം
സ്നേഹത്താലന്ധനായിത്തനയനുചരതി
ച്ചിങ്ങു വെച്ചീലയല്ലോ'

ഇവിടെ അല്പം ശാഖാചംക്രമണം: അമ്മയെ ഓർക്കുമ്പോൾ ഇടശ്ശേരിയുടെ മനസ്സിൽ ഉണർന്നുവന്ന വീടാക്കടവേദനയുണ്ടല്ലോ, ബിംബിസാരന്റെ ഇടയനിലൂടെ പ്രകടമാക്കിയത്,

'അവൾക്കു കുളിരിനു കമ്പിളിനേടി
പ്പിന്നീടെന്നോ ഞാൻ ചെൽകേ
ഒരട്ടി മണ്ണു പുതച്ചു കിടപ്പൂ
വീടാക്കടമേ മമ ജന്മം!'

എന്നിങ്ങനെ, വികാരം നിയന്ത്രിച്ചു വസ്തുതാ കഥനമാക്കിയെന്ന കവിയുടെ മേനിയെ, ഒറ്റത്തട്ടിനു ദൂരത്തെറിപ്പിച്ച്, അനുവാചകനിലേയ്ക്കു കുതിച്ചൊഴുകുന്ന ആ ലാവാപ്രവാഹത്തിന്റെ ഓരത്തെങ്ങാനും വെച്ച്, കഴിയുമെങ്കിൽ, മുൻപദ്യത്തിലെ അച്ഛനോടുള്ള കൂറിനെ തുലനം ചെയ്തുനോക്കുന്നത് കാവ്യാനുശീലനപരീക്ഷണങ്ങളിൽ മുന്തിയ ഒരനുഭവമായിരിക്കും. കവിയുടെ അതിവിശാലമായ മനോലോകത്തിലേയ്ക്ക് ഒരു താക്കോൽപ്പഴുതു തുറന്നുതന്നു എന്നും വരാം.

ഇരിയ്ക്കട്ടെ, പ്രകൃതത്തിലേയ്ക്കു മടങ്ങാം. ധർമ്മത്തെക്കുറിച്ചുമുണ്ട് ഇടശ്ശേരിക്ക് തന്റേതായ ഒരു കാഴ്ചപ്പാട്. ചുടുകഞ്ഞിയിൽ പുതുവെണ്ണപോലെ അത് അദ്ദേഹത്തിന്റെ മിക്കവാറും എല്ലാ ലേഖനങ്ങളിലും ചെറിയൊരു മിന്നിത്തിളക്കത്തോടെ ലയിച്ചുകിടക്കുന്ന പോഷക ശക്തിയാകുന്നു.

മനുഷ്യശ്രേയസ്സിന്നു പൊരുതിമരിച്ചവരുടെ മടമ്പുതൊട്ട്, പണ്ടും പോക്കറ്റടിക്കാർ നടന്നിരുന്നു. 'പരമാർഥക്കാരന്നു പനങ്കഴു' എന്ന മുദ്രാവാക്യത്തിലൂടെ അവരെ തിരിച്ചറിയാമെന്ന് ഇടശ്ശേരി നമ്മെ പഠിപ്പിക്കുന്നു. ആദർശത്തിന്നു വിലയിടിഞ്ഞുപോകുന്നു എന്ന കൂട്ടനിലവിളി, അതിനാൽ അദ്ദേഹത്തെ ചഞ്ചലനാക്കുന്നില്ല. ഏതവസ്ഥയിലും മഹത്തായ സങ്കൽപ്പങ്ങൾ കൈവിടാതിരിക്കുക എന്നതാണ് അദ്ദേഹത്തിന് പുതുമുറക്കാർക്കുകൊടുക്കാനുള്ള സന്ദേശങ്ങളിൽ ഒന്ന്. വിനയം കൈവിടാതിരിക്കുക എന്നത് രണ്ടാമത്തെ സന്ദേശവും. വിനയമെന്നാൽ തലചൊറിഞ്ഞുനിൽക്കലല്ല. അദ്ദേഹം തുടരുന്നു: 'ആധുനികലോകത്തിന്റെ ആയുധങ്ങളുണ്ടല്ലോ ആത്മാർഥതയില്ലായ്മ, ചതി, സ്വാർഥ ചിന്ത, കള്ളനാട്യം ഇത്യാദി പലതും. ഞാൻ ഉറപ്പിച്ചു പറയുന്നു ഇവയെ നേരിടാൻ ഫലപ്രദമായ ഒരേയൊരുമാർഗം വിനയമാണ്.' (ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ പുറം 15). സ്വന്തം ജീവിതത്തിൽ അനുഷ്ഠിച്ചുകാണിച്ചുകൊണ്ടാണ് അദ്ദേഹം ഇതുനമ്മെ ധരിപ്പിക്കുന്നത്.

ധർമ്മശാസ്ത്രത്തെക്കുറിച്ച് ഈ നാടൻ കവി പുലർത്തിപ്പോന്ന നിനവുകളിൽ തെളിഞ്ഞുനിൽക്കുന്ന ചിന്താനാളത്തിന്റെ ദീപ്തിയും ലാളിത്യവും തികച്ചും മൗലികമാകുന്നു. സത്യം, ദയ, സ്നേഹം എന്നിവയെ നന്മയായും അസത്യം, ക്രൗര്യം, വിദ്വേഷം എന്നിവയെ തിന്മയായും വേർതിരിച്ചുനിർത്തുന്ന ധർമ്മശാസ്ത്രവിധികളിൽ അദ്ദേഹത്തിന് അശേഷം വിശ്വാസമില്ല. ആവശ്യം വരുമ്പോഴൊക്കെ ആ ശാസനങ്ങൾ ധിക്കരിക്കാൻ ഒട്ടും സങ്കോചവുമില്ല. കൃത്യമായി അതിരിട്ടു നിർത്താൻ പാകത്തിൽ സ്വയം വഴിപ്പെട്ടുതരുന്നവയാണോ നന്മ തിന്മകൾ? 'ഏതു മഹത്തായ സത്യത്തേയും നിഷ്പ്രഭമാക്കുമാറ് പുണ്യതമമായ നുണകളുണ്ട്' എന്നദ്ദേഹം ശഠിക്കുകതന്നെ ചെയ്യും. ധർമ്മരതിയും അധർമ്മാസക്തിയും ഏതു ജീവാത്മാവിലുമുണ്ട്. ജീവാത്മാക്കളുടെ മൊത്ത സംഖ്യയാണ് പ്രപഞ്ചം എന്നിരിക്കേ, പ്രപഞ്ചാത്മാവായ ഈശ്വരനിലും ഇവ രണ്ടും കാണണം. നന്മ ഈശ്വരനിൽ നിന്നും തിന്മ ചെകുത്താനിൽ നിന്നും എന്ന വിശ്വാസത്തിന് നിലനിൽപ്പില്ല. തപോവൃത്തിയിലൂടെ ഈശ്വരസാക്ഷാത്കാരം നേടിയവരുണ്ടെങ്കിൽ അവർക്കുപോലും തങ്ങളിലെ തിന്മ നശിപ്പിക്കാനാവില്ല എന്നാണ് ഇടശ്ശേരിയുടെ നിരീക്ഷണം.

ദുഃഖത്തെ സംബന്ധിച്ചാകട്ടേ, ഇടശ്ശേരിക്കു യാതൊരു വേവലാതിയുമില്ല. ദുഃഖമാണ് ജീവിതത്തിന്റെ ആകത്തുകയെങ്കിൽ അതോർത്തു വിഷമിക്കുന്നതെന്തിന്? സുഖം എന്നു പറയുന്നത് ദുഃഖത്തിന്റെ വിശേഷണം മാത്രമത്രേ. ദുഃഖം അനിവാര്യമാണ്, അതില്ലാതാക്കാൻ ഏതു ധർമ്മശാസ്ത്രത്തിന്നും എത്ര വലിയ തപശ്ചര്യക്കും കരുത്തില്ല. ശ്രീരാമന്റേയും, ശ്രീകൃഷ്ണന്റെയും കഥകളിലൂടെ ഇതിഹാസകർത്താക്കളായ ഋഷിമാർ നമ്മെ പഠിപ്പിക്കുന്ന തത്ത്വം അതാണ്. 'സീതാ പരിത്യാഗം അതിലും ദുഃഖപ്രദമായ പുനഃസമാഗമം എന്നിവയ്ക്കുശേഷവും ജീവിച്ചിരിക്കാനും രാമരാജ്യമെന്ന മാതൃകാഭരണത്തിന്റെ മനോഹരസങ്കൽപ്പത്തെ യുഗാന്തരങ്ങളിലേയ്ക്കു തള്ളിയൊഴുക്കാനും, രാമനു കെല്പുണ്ടാക്കിയത് രാജകിരീടമണിഞ്ഞ ശിരസ്സിനെ ദുഃഖത്തിൽനിന്ന് ഉയർത്തിപ്പിടിക്കാൻ' കഴിഞ്ഞതുകൊണ്ടാണെന്നത്രേ ഇടശ്ശേരിയുടെ രാമായണപാഠം. അനാസക്തമായ കർമ്മം എന്നൊരാശയം മനുഷ്യന്നു സമ്മാനിച്ച കൃഷ്ണനാകട്ടേ, സ്വന്തം വംശം പോലും അതിജീവിക്കാനർഹമല്ലെന്നു കണ്ടപ്പോൾ ദുഃഖത്തെ ത്യജിച്ചു പരമമായ ലക്ഷ്യത്തോളം പ്രയാണംചെയ്യാൻ മടിക്കാത്ത കാരുണ്യമൂർത്തിയാണ്. അപ്പോൾ ദുഃഖത്തെ ജയിക്കുക എന്നു പറയുന്നതിലും അർഥമില്ല. ദുഃഖത്തെ അല്പമെങ്കിലും ലഘുപ്പെടുത്താനാവുമോ എന്ന മനുഷ്യപരീക്ഷണത്തിന്റെ ഫലമായി ഉരുത്തിരിഞ്ഞുവന്നതാകാം ധർമ്മശാസ്ത്രം. ദുഃഖം തിക്താനുഭവമാകയാൽ മനുഷ്യൻ അതിനെ ഭയക്കുന്നു. ഈ ഭയമാകട്ടേ പരിശ്രമിച്ചാൽ നിർമാർജ്ജനം ചെയ്യാവുന്നതാണ്. അതാണ് മനുഷ്യൻ ചെയ്യേണ്ടത്. അതേ ചെയ്യാനാവുതാനും. ഈ ഭയത്തെ, ദൗർബല്യത്തെ ജയിക്കാൻ കഴിയാത്തവരുടെ തപശ്ചര്യയും, പ്രപഞ്ചശ്രേയസ്സിന്നുവേണ്ടി തങ്ങൾ പ്രയത്നിക്കുന്നു എന്ന നാട്യവും എത്ര പരിഹാസ്യമാണെന്ന് 'വർണ്ണക്കുപ്പായം' എന്ന

ചെറുകവിതയിലൂടെ ഇടശ്ശേരി സ്പഷ്ടമാക്കിത്തരുന്നുണ്ടല്ലോ. ദുഃഖമാണ് മനുഷ്യന്നു കരുത്തുകൂട്ടുന്നതെന്ന സിദ്ധാന്തമാകട്ടേ, ഇടശ്ശേരിക്കൃതികളുടെ പ്രാണബലമാണ്. ദുഃഖഭീതി മനുഷ്യനെ ചെറ്റയാക്കുമ്പോൾ, ദുഃഖാനുഭൂതി അവനെ പ്രബലനും മഹാനുമാക്കുന്നു.

പറഞ്ഞുകൊണ്ടുവരുന്നത് ഇടശ്ശേരി ദുഃഖോപാസകനാണെന്നല്ല. സുഖാസക്തനുമായിരുന്നില്ല അദ്ദേഹം. ദുഃഖത്തെ ഭയപ്പെടാത്തവനായിരുന്നു എന്നതത്രേ വസ്തുത. ഇതെങ്ങനെ വിശദമാക്കേണ്ടൂ. പുത്തൻ തലമുറയുടെ വിശ്വാസപരിധിയിൽ വരുന്നതല്ലല്ലോ ഇത്തരം പ്രകൃതങ്ങൾ. അതിനാൽ അവർക്കു പരിചിതമായ ശബ്ദം കൊണ്ട് സൂചിപ്പിക്കാനും ഞെരുക്കം. സാഹസമാവില്ലെങ്കിൽ പറയട്ടേ, കഴിഞ്ഞയുഗത്തിലുള്ളവർക്ക് ഈ സ്വഭാവമഹിമ സൂചിപ്പിക്കാൻ ഒരു പദമുണ്ടായിരുന്നു: സ്ഥിതപ്രജ്ഞത്വം. ●